# പതിനാലാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

| | |
|---|---|
| നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.1236 | 30.01.2018-ൽ മറുപടിക്ക് |

**<u>കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസിന് കെട്ടിടം</u>**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ.കെ.ഡി. പ്രസേനൻ** | **ശ്രീ.ജി.സുധാകരൻ**<br>**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)** |
| എ) ആലത്തൂർ മണ്ഡലത്തിലെ കുഴൽമന്ദത്തെ സബ് രജിസ്ട്രാർ ഓഫീസിന് സ്വന്തമായി കെട്ടിടമില്ല എന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | എ) ഉണ്ട്. |
| ബി) രജിസ്ട്രേഷൻ വകുപ്പിന്റെ ഉടമസ്ഥതയിൽ കുഴൽമന്ദം ദേശീയപാതയ്ക്ക് സമീപം എത്ര സ്ഥലമുണ്ടെന്ന് വ്യക്തമാക്കാമോ; | ബി) 12.35 സെന്റ് (5 ആർ) |
| സി) പ്രസ്തുത സ്ഥലം ഒരു സ്വകാര്യ വ്യക്തി കൈവശം വെച്ചിരിക്കുന്നത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | സി) ഉണ്ട്. പ്രസ്തുത സ്ഥലം റവന്യൂ രേഖകൾ പ്രകാരം, സബ് രജിസ്ട്രാർ ഓഫീസിന്റെ പേരിൽതന്നെയാണ് ഉള്ളത്. എന്നാൽ ഈ സ്ഥലവുമായി ബന്ധപ്പെട്ട് സ്വകാര്യ വ്യക്തി ആലത്തൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത ഒ.എസ്.191/17 നമ്പർ കേസ് രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ഫാസ്റ്റ്ട്രാക്ക് കോടതിയിൽ ഫയൽ ചെയ്യപ്പെട്ട സി.എം.എ.101/17 നമ്പർ അപ്പീലിലും രജിസ്ട്രേഷൻ വകുപ്പിന് അനുകൂലമായി വിധി വന്നിട്ടുണ്ട്. |
| ഡി) പ്രസ്തുത സ്ഥലത്ത് അടിയന്തരമായി ഓഫീസ് കെട്ടിടം പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ? | ഡി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപന പ്രകാരം, കിഫ്ബിയുടെ പ്രോജക്റ്റിൽ ഉൾപ്പെടുത്തി രജിസ്ട്രേഷൻ വകുപ്പിൽ പുതുതായി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന 52 ഓഫീസ് കെട്ടിടങ്ങളിൽ കുഴൽമന്ദം സബ് രജിസ്ട്രാർ ഓഫീസ് നിർമ്മാണവും ഉൾപ്പെടുന്നു. പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. |

Rajani

**സെക്ഷൻ ഓഫീസർ**